പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1544 22 .03.2013 ലെ മറുപടിക്ക്

## കന്നുകാലി വളർത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) ഗാർഹികാവശ്യങ്ങൾക്കായും, വ്യാവസായികാവശ്യങ്ങൾക്കായും കന്നുകാലികളെ വളർത്തുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) ഗാർഹികാവശ്യങ്ങൾക്കായും, വ്യാവസായികാവശ്യങ്ങൾക്കായും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 2012-13 വർഷം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു:<br>1) കന്നുകുട്ടികളെ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി.<br>2) കേന്ദ്രസർക്കാരിന്റെ നബാർഡ് ധനസഹായത്തോടെയുള്ള ഡയറി എന്റർപ്രിനർ ഡവലപ്പ്മെന്റ് പ്രോഗ്രാം.<br>3.) ഇടുക്കി പാക്കേജിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ പുതിയ 2000 പശുക്കളെ വാങ്ങുന്ന പദ്ധതി, 80980 ആടു വളർത്തൽ പദ്ധതി, 15000 കിടാരി വളർത്തൽ പദ്ധതി, 18000 പുതിയ കന്നുകുട്ടികളെ വാങ്ങുന്ന പദ്ധതി.<br>4) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുതിയ 2000 പശുക്കളെ വാങ്ങുന്ന പദ്ധതി, ആടു വളർത്തൽ പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ അവാർഡിലൂടെ 250 എരുമ വളർത്തൽ പദ്ധതി, 1000 പശു വളർത്തൽ പദ്ധതി. |
| (ബി) ഗാർഹിക മേഖലയിലെ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 5 ആടുകൾ അടങ്ങുന്ന ഒരു യൂണിറ്റിന് 15,000/-രൂപ ധനസഹായം നൽകി 400 യൂണിറ്റ് ഈ സാമ്പത്തികവർഷം സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ നബാർഡ് മുഖേന നടപ്പിലാക്കിവരുന്ന 'ഇന്റഗ്രേറ്റഡ് |

ഡെവലപ്പ്മെന്റ് ഓഫ് സ്മാൾ റുമിനൻസ് ആന്റ് റാബിറ്റ്സ് 'പദ്ധതിയിലൂടെ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. 25% മൂലധനസഹായം സബ്സിഡിയായി അനുവദിക്കുന്ന ബാങ്ക് വായ്പ പദ്ധതിയും നിലവിലുണ്ട്.

1) 40 +2 എണ്ണത്തിന്റെ യൂണിറ്റിന് 25,000/ രൂപ സബ്സിഡി
2) 500+25 എണ്ണത്തിന്റെ യൂണിറ്റിന് 6.25ലക്ഷം രൂപ സബ്സിഡി.
3) പട്ടികജാതി - വർഗ്ഗക്കാർക്ക് 33.33% സബ്സിഡി

(സി) വിവിധ മേഖലകളിലായി സംസ്ഥാനത്തുള്ള ആട്, പശു, എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

(സി)

| ജില്ലയുടെ പേര് | പശുക്കളുടെ എണ്ണം | എരുമകളുടെ എണ്ണം | ആടുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 148385 | 2755 | 188612 |
| കൊല്ലം | 124390 | 4475 | 125905 |
| പത്തനംതിട്ട | 98325 | 856 | 88054 |
| ആലപ്പുഴ | 78045 | 3070 | 76957 |
| കോട്ടയം | 122593 | 1921 | 124442 |
| ഇടുക്കി | 157601 | 2713 | 140723 |
| എറണാകുളം | 154984 | 5111 | 166672 |
| തൃശ്ശൂർ | 134669 | 8102 | 170263 |
| പാലക്കാട് | 215095 | 6871 | 101829 |
| മലപ്പുറം | 105329 | 13532 | 248403 |
| കോഴിക്കോട് | 133494 | 1495 | 86925 |
| വയനാട് | 65459 | 2880 | 75375 |
| കണ്ണൂർ | 119144 | 733 | 88941 |
| കാസർഗോഡ് | 82604 | 3631 | 46026 |

സെക്ഷൻ ഓഫീസർ

ns